**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5368** **21-03-2025 - ൽ മറുപടിയ്ക്ക്**

**അഴിമതിമുക്ത കായികമേഖല സൃഷ്ടിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. യു. ആർ. പ്രദീപ്,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സുശക്തവും അഴിമതിമുക്തവുമായ കായികമേഖല സൃഷ്ടിച്ചുകൊണ്ട് ഈ രംഗത്തെ സമഗ്രമായി പുനർനിർവ്വചിക്കുന്നതിനായി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | സുശക്തവും അഴിമതി മുക്തവുമായ ഒരു കായിക മേഖല സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻനിർത്തികൊണ്ടാണ് സർക്കാർ പുതിയ കായിക നയത്തിന് രൂപം കൊടുത്തിട്ടുള്ളത്. പരമ്പരാഗതമായി പ്രതിഭകളെ കണ്ടെത്തുന്നതിനും അവരെ പരിപോഷിപ്പിക്കുന്നതിനും ദേശീയ അന്തർദേശീയ തലത്തിൽ കായിക മികവ് ഉറപ്പാക്കുന്നതിനും ഇതിലൂടെ ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി കായിക താരങ്ങളുടെ മികവ് പരിപോഷിപ്പിക്കുന്നതിന് ആധുനിക സൗകര്യങ്ങളോടു കൂടിയ സ്റ്റേഡിയങ്ങളും കളിസ്ഥലങ്ങളും നിർമ്മിച്ചു വരുന്നു. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് നയപരിപാടികൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | സുശക്തവും അഴിമതി മുക്തവുമായ ഒരു കായിക മേഖല സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻനിർത്തികൊണ്ടാണ് സർക്കാർ പുതിയ കായിക നയത്തിന് രൂപം കൊടുത്തിട്ടുള്ളത്. പരമ്പരാഗതമായി പ്രതിഭകളെ കണ്ടെത്തുന്നതിനും അവരെ പരിപോഷിപ്പിക്കുന്നതിനും ദേശീയ അന്തർദേശീയ തലത്തിൽ കായിക മികവ് ഉറപ്പാക്കുന്നതിനും ഇതിലൂടെ ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി കായിക താരങ്ങളുടെ മികവ് പരിപോഷിപ്പിക്കുന്നതിന് ആധുനിക സൗകര്യങ്ങളോടു കൂടിയ സ്റ്റേഡിയങ്ങളും കളിസ്ഥലങ്ങളും നിർമ്മിച്ചു വരുന്നു. |
| (സി) | കായികമേഖലയിൽ അധിഷ്ഠിതമായ ഒരു സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (സി) | കായിക മേഖലയിലെ സുസ്ഥിരമായ വികസനത്തിനൊപ്പം സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിലേക്ക് സംഭാവന ചെയ്യുന്ന ഒന്നാക്കി കായിക രംഗത്തെ മാറ്റുവാൻ ലക്ഷ്യമിടുന്നതാണ് പുതിയ കായിക നയം. രാജ്യത്ത് ആദ്യമായി സംഘടിപ്പിച്ച കായിക ഉച്ചകോടിയിലൂടെ അടിസ്ഥാന |

| | | | |
|---|---|---|---|
| | | | സൗകര്യങ്ങൾ, കായിക അനുബന്ധ വ്യവസായങ്ങൾ, പുതിയ ലീഗുകൾ, കായിക സ്റ്റാർട്ടപ്പുകൾ, അക്കാദമികൾ തുടങ്ങിയ മേഖലകളിൽ നിക്ഷേപ വാഗ്ദാനം ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ